

Since 1951
Vol. 5, Issue : 7
JUBILEE MISSION MEDICAL COLLEGE & RESEARCH INSTITUTE
SEPTEMBER 2019

# Jubilet



## Editorial

സെപ്റ്റംബർ 5 അദ്ധ്യാപകദിനമായി നാം ആഘോഷിക്കുകയുണ്ടായി. വിദ്യഭ്യാസം ഒരു മനുഷ്യനെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒന്നാണ് എന്നും, വിദ്യ ആർജ്ജിക്കുന്നതും പകരുന്നതും ദൈവികമായ ഒരു കലയാണ് എന്നും അറിയുന്നവരാണ് നാം ഓരോരുത്തരും. അജ്ഞാനമാകുന്ന ഇരുട്ടിനെ അകറ്റി പ്രകാശമാകുന്ന അറിവിനെ സ്വായത്തമാക്കുക എന്നതും കരഗതമാകുന്ന അറിവിനെ മറ്റുള്ളവർക്ക് പകരുക എന്നുള്ളതും മനുഷ്യന്റെ നിലനിൽപ്പിനോളം തന്നെ പഴക്കമുള്ളതാണ്. യുവതലമുറകളെ അറിവിന്റെ വിഹായസ്സിലേക്ക് പരിചയപ്പെടുത്തുന്ന മഹത്തായ കർത്തവ്യമാണ് അദ്ധ്യാപനം. അദ്ധ്യാപകരെ ബഹുമാനിക്കാനും അവരെ സ്നേഹിക്കാനും നമുക്ക് സാധിക്കട്ടെ. വളർന്നുവരുന്ന തലമുറയ്ക്ക് നമ്മുടെ ജീവിതം വഴി ശ്രേഷ്ഠമായ മാതൃക നൽകാനും അവരെ നല്ല ജീവിതത്തിലേക്ക് നയിക്കാനും ഉള്ള വിളി നമുക്കേവർക്കും ഉണ്ടെന്ന് മനസ്സിലാക്കുന്നിടത്ത് ഞാനും നിങ്ങളും അദ്ധ്യാപകരാണ് എന്ന് കൂടി നാം തിരിച്ചറിയുന്നുണ്ട്. അറിവിനെ ബഹുമാനിക്കുന്ന, സ്വായത്തമാക്കുന്ന, പകർന്നുനൽകുന്ന ശ്രേഷ്ഠവും കുലീനവുമായ വിജ്ഞാന സംസ്ക്കാരത്തിന്റെ വാഹകരായി നാം ഓരോരുത്തരും മാറട്ടെ എന്ന് ആശംസിക്കുന്നു.

ഫാ. സിജോ ചെറുവത്തൂർ
എഡിറ്റർ

## നവജാതശിശുക്കളിലെ ശ്രവണവൈകല്യവും ചികിത്സയും




. എല്ലാ നവജാതശിശുക്കൾക്കും ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ആകുന്നതിന് മുമ്പെ ശ്രവണശേഷിക്കുള്ള സ്ക്രീനിങ്ങ് ടെസ്റ്റ് ലഭിക്കുക അവരുടെ അവകാശമാണ് എന്ന അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ, മുൻ ആസ്ട്രേലിയൻ ക്രിക്കറ്റ് താരവും, ശ്രവണ വൈകല്യ നിർമാർജ്ജനത്തിന്റെ അന്താരാഷ്ട്ര അംബാസിഡറുമായ ബ്രെറ്റ്ലീ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി സന്ദർശിച്ചു. അദ്ദേഹം ആശുപത്രി അധികൃതരെ കാണുകയും, ആശുപത്രിയുടെ നിയോനേറ്റൽ ഐ.സി.യു. സന്ദർശിക്കുകയും, പിന്നീട് മെഡിക്കൽ വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തു.

## ഹൈലൈറ്റ്സ്

* ജൂബിലി മിഷനിൽ രക്തദാത ദിനം ആചരിച്ചു.
* അഭിനന്ദനാർഹമായ നേട്ടങ്ങളുമായി ജൂബിലി കുടുംബാംഗങ്ങൾ
* ബെസ്റ്റ് വാർഡും ബെസ്റ്റ് എംപ്ലോയീയും
* ശ്രവണ വൈകല്യ നിർമ്മാർജ്ജനവുമായി ജൂബിലി
* KUHS ഡി സോൺ ടെന്നീസ് മത്സരം ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ
* കീ ബോർഡ് ഷോർട്ട് കട്ടുകൾ
* മെഡിക്കൽ പിജി വിദ്യാർത്ഥികൾക്കായി ഫോക്കസ്

# ജേർണൽ ക്ലബ്ബ്

ജൂബിലി ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജൂൺ 19-ന് സംഘടിപ്പിച്ച പതിനാലാമത് ജേർണൽ ക്ലബ്ബ് യോഗത്തിൽ ജൂബിലി മെഡിക്കൽ സുപ്രണ്ടും, നേത്രരോഗവിഭാഗം മേധാവിയുമായ പ്രൊഫസർ ഡോ. സി. വി. ആൻഡ്രൂസ് പ്രബന്ധം അവതരിപ്പിച്ചു. ജോൺ ഹോപ്കിൻസ് യൂണിവേഴ്സിറ്റിയിലെ ഗവേഷകരുടെ നേതൃത്വത്തിൽ 5 രാജ്യങ്ങളിലായി നടത്തിയ ഗവേഷണ ഫലങ്ങൾ റെറ്റിന ജേർണലിലാണ് പ്രസിദ്ധീകരിച്ചിരുന്നത് ബെവാസിസുമാബ് എന്നതിനോടൊപ്പം GLP-യും കൂടി (Grid Laser Photocoagulation) നൽകുന്നതിനെക്കുറിച്ചായിരുന്നു ഗവേഷണം. പ്രമേഹം മൂലം കണ്ണിനെ ബാധിക്കുന്ന ഡയബറ്റിക് റെറ്റിനോപതി എന്ന അസുഖാവസ്ഥയിൽ റെറ്റിനയുടെ മദ്ധ്യഭാഗത്തെ പ്രവർത്തനരഹിതമാക്കുന്ന ഡയബറ്റിക് മാക്യുലാർ എഡിമയിലായിരുന്നു (Diabetic Macular Edema) ബൃഹത്തായ ഈ പഠനം നടന്നത്. തുടർന്ന് നടന്ന ചർച്ചയിൽ ഡോ. ഡി. എം. വാസുദേവൻ , ഡോ. പ്രവീൺലാൽ കുറ്റിച്ചിറ, ഡോ. സുശീല ജേക്കബ്ബ് ഇന്ന എന്നിവർ പങ്കെടുത്തു.

# യാത്രാമംഗളങ്ങൾ



38 വർഷമായി ജൂബിലി കുടുംബത്തിൽ സേവനമനുഷ്ഠിച്ച് ഓപ്പറേഷൻ തീയേറ്ററിൽ നിന്ന് വിരമിച്ച നഴ്സിംഗ് അസിസ്റ്റന്റ്, ശ്രീമതി ജെസ്സി സി. ടി.-ക്ക് ആശംസകൾ.

ലിഫ്റ്റ് ഓപ്പറേറ്റർ ആയി 27 വർഷക്കാലം ജൂബിലിയിൽ സേവനമനുഷ്ഠിച്ച് വിരമിച്ച ശ്രീ. ജോസ് എം. വി. - ക്ക് ജൂബിലി കുടുംബത്തിന്റെ ആശംസകൾ



# ഫോക്കസ് - ബിരുദാനന്തര ബിരുദ മെഡിക്കൽ വിദ്യാർത്ഥികളുടെ പരിശീലന പരിപാടി



ഗൈനക്കോളജി ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായി അഖിലേന്ത്യാതലത്തിൽ വർഷം തോറും ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സംഘടിപ്പിക്കുന്ന ശിൽപശാല ഫോക്കസ് 14 – ാം വർഷത്തിലെത്തിനിൽക്കുമ്പോൾ ഇന്ത്യയിലെ തന്നെ സമാനപരിപാടികളുടെ ഒന്നാം നിരയിലെത്തിക്കഴിഞ്ഞിരിക്കുന്നു. അഞ്ഞൂറോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഈ പഞ്ചദിന പരിപാടി നടത്തുന്നത് ഡോ. വി. പി പൈലി, ഡോ. സറീന ഖിൽവാസ് എന്നിവരടങ്ങുന്ന ജൂബിലി മിഷനിലെ ഗൈനക്കോളജി വിഭാഗമാണ്.

ബിരുദാനന്തരബിരുദ വിദ്യാർത്ഥികളെ മാത്രം ഉദ്ദേശിച്ചിട്ടുള്ള ശിൽപശാലയിൽ ഭാരതത്തിലെ പ്രമുഖ ഡോക്ടർമാർ ക്ലാസുകൾ എടുക്കുന്നതാണ്. ഈ ശിൽപശാലയിൽ രോഗലക്ഷണങ്ങൾ, ചികിത്സാ രീതികൾ എന്നിവയിലെ പരമ്പരാഗതവും, നൂതനവുമായ എല്ലാ പ്രവണതകളേയും വിശകലനം ചെയ്യുന്നു.

ക്ലാസുകൾ തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ശ്രീ. യതീഷ് ചന്ദ്ര ഉദ്ഘാടനം ചെയ്തു.

IT CORNER

# A-Z കീബോർഡ് ഷോർട്ട്കട്ടുകൾ

കമ്പ്യൂട്ടറിലെ കീബോർഡ് ഷോർട്ട് കട്ടുകൾ എപ്പോഴും വളരെ ഉപയോഗ പ്രദമാണ്. കീബോർഡ് ഷോർട്ട് കട്ടുകൾ അറിഞ്ഞിരുന്നാൽ കമ്പ്യൂട്ടറിന്റെ മുന്നിലെ നമ്മുടെ സമയം ലാഭിക്കാനും സാധിക്കും.

- Crl A നിലവിലുള്ള എല്ലാ ഡോക്യുമെന്റുകളും തിരഞ്ഞെടുക്കും.
- Crl B ടെക്സ്റ്റ് ബോൾഡ് ആക്കാം
- Crl C ടെക്സ്റ്റ് കോപ്പി ചെയ്യാം
- Crl D ഫ്രണ്ട് ഡൈലോഗ് ബോക്സ് ഡിസ്പ്ലേ ചെയ്യും.
- Crl E സെന്റർ അലൈൻ
- Crl F നിലവിലെ ഡോക്യുമെന്റ് തിരയാനായി ഡൈലോഗ് ബോക്സ് ഡിസ്പ്ലേ ചെയ്യുന്നു.
- Crl G നിലവിലെ ഡോക്യുമെന്റിന് നിർദ്ദിഷ്ട സ്ഥാനത്തേക്ക് പോകുന്നതിന് ഡയലോഗ് ബോക്സ് ഡിസ്പ്ലേ ചെയ്യുന്നു.
- Crl H റീപ്ലേയിസ് (Replace) ഡയലോഗ് ബോക്സ് ഡിസ്പ്ലേ ചെയ്യുന്നു.
- Crl K ഹൈപ്പർ ലിങ്ക് ക്രിയേറ്റ് ചെയ്യാൻ
- Crl L ലെഫ്റ്റ് അലൈൻമെന്റ്
- Crl M ടാബ്
- Crl I ഇറ്റാലിക് ടെക്സ്റ്റ്
- Crl J ഫുൾ ജെസ്റ്റിഫിക്കേഷൻ
- Crl N പുതിയ ഡോക്യുമെന്റ് ക്രിയേറ്റ് ചെയ്യാം
- Crl O ഓപ്പൺ ഫയൽ ഡയലോഗ് ബോക്സ് ഡിസ്പ്ലേ ചെയ്യും.
- Crl P പ്രിന്റ് ഡയലോഗ് ബോക്സ് ഡിസ്പ്ലേ ചെയ്യും
- Crl R റൈറ്റ് അലൈൻമെന്റ്
- Crl S സേവ് ഡൈലോഗ് ബോക്സ് ഡിസ്പ്ലേ ചെയ്യുന്നു.
- Crl U ടെക്സ്റ്റ് അണ്ടർലൈൻ
- Crl V കോപ്പി ചെയ്ത ഇനം നിലവിലെ സ്ഥാനത്ത് പേസ്റ്റ്ചെയ്യാം.
- Crl X ഏതെങ്കിലും ഒരു ഇനം കട്ട് ചെയ്യാം.
- Crl Y അവസാനം പഴയപടി ആകുന്ന പ്രവർത്തനം വീണ്ടും ചെയ്യുക.
- Crl Z അവസാന പ്രവർത്തനം പഴയപടി ആക്കുക.

# Welcome to Jubilee Family

| | | |
|---|---|---|
| 1 | Dr. Ajith Paleakkara | Assistant Professor, Mc Forensic Medicine |
| 2 | Dr. Miriam Tina Francis | Senior Resident, Obstetrics & Gynaecology |
| 3 | Dr. Anjali Ravi Kumar | Senior Resident, Neurosurgery |
| 4 | Dr. Kiran George N | Senior Resident, General Surgery |
| 5 | Dr. Varghese Jomy | Senior Resident, Geriatrics |
| 6 | Dr. Joseph George | Senior Resident, Anaesthesia |
| 7 | Dr. Sangeetha Dhruvan | Jr Resident, Geriatrics |
| 8 | Dr. Mathew Pathrose Kallingal | Jr Resident, Neonatology |
| 9 | Dr. Naveena Jose | Jr Doctor, Ayurveda |
| 10 | Dr. Sanith K R | Tutor, Mc Anatomy |
| 11 | Dr. Bezalel Hakkeem | Observer, Emergency Medicine |
| 12 | Dr. Nitin Oommen Ninan | Senior Resident, General Surgery |
| 13 | Dr. Hemlin Thomas C | Senior Resident, Paediatrics |
| 14 | Dr. Neethu George | Senior Resident, Anaesthesia |
| 15 | Dr. Vimal Vincent K | Assistant Professor, Neonatology |
| 16 | Dr. Meenhas Oravil Kunhahamed | Senior Resident, Emergency Medicine |
| 17 | Dr. Basel Mohammed T | Fellowship Student, Neonatology |
| 18 | Dr. Mahesh Krishnan P | Fellowship Student, Neonatology |
| 19 | Dr. Nahda Aboobacker | Junior Resident, Plastic Surgery |
| 20 | Dr. Ranju Raj | Assistant Professor, Orthopaedics |
| 21 | Tindu Thomas | Ayurveda Therapist |
| 22 | Jinto Joby | Accounts Section |
| 23 | Roji Rosy | Attendant |
| 24 | Jincy P B | Attendant |
| 25 | Vincy K V | Attendant |
| 26 | Stefi Antony | Attendant |
| 27 | Priya Raju | Canteen |
| 28 | Jesna Antony | Cash/Billing |
| 29 | Jeeva Jose | Cash/Billing |
| 30 | Sr. Litty Maria | Head Nurse |
| 31 | Anny K O | Hostel Care Taker |
| 32 | Sona Anto | Lecturer, Jmcon |
| 33 | Sr. Rossily Manuel | Pastoral Care |
| 34 | Anita Pauly | Patient Relations Co-Ordinator |
| 35 | Namita Baby | Patient Relations Co-Ordinator |
| 36 | Jisna C Johnson | Pharmacist |
| 37 | Mary Asheeta P A | Pharmacist |
| 38 | Stephy Simon | Pharmacist |
| 39 | Nimmy George C | Pharmacist |
| 40 | Aneeta Francis | Pharmacy - Attendant |
| 41 | Soniya Shyju | Pharmacy - Attendant |
| 42 | Jithu George | Pharmacy - Attendant |
| 43 | Ansa K Anto | Pharmacy - Attendant |
| 44 | Teena Vincent | Pharmacy - Attendant |
| 45 | Athira Thomas | Podiatry Technician |
| 46 | Anju Paul | Radiology |
| 47 | Akshay Francis P | Technician - Cath lab, Cardiology |
| 48 | Anupama | Technician - Lab |
| 49 | John George | Transport |

**Staff Nurse**

| | | | |
|---|---|---|---|
| 50 | Abhimol Antony | 51 | Helmi Varghese |
| 52 | Rajeena C R | 53 | Vini Isac |
| 54 | Twinkle Rajan | 55 | Aveena Andrews P |
| 56 | Liya C J | 57 | Geethu M S |
| 58 | Jeena Thomas | 59 | Sivya Wilson |
| 60 | Julie John | 61 | Jismy Johnson |
| 62 | Dayana Dicruz | 63 | Divya K S |
| 64 | Josmy K J | 65 | Swapna John C |
| 66 | Frajeena P X | 67 | Mary Minu M J |
| 68 | Delna Davis | 69 | Simi C D |
| 70 | Rosmy Joy | 71 | Sr. Hrudya |
| 72 | Amy John A | 73 | Sanu Augustine |
| 74 | Syby Babu | 75 | Bini Baby |
| 76 | Lincy P L | 77 | Reshma Varghese C |
| 78 | Jisha C J | 79 | Rindy C A |
| 80 | Mariya Jacxy | 81 | Jincy Jacob |
| 82 | Jisty Davis | 83 | Puthur Princy Paul |
| 84 | Neena Jose | | |

**Technician - Anaesthesia**

| | | | |
|---|---|---|---|
| 85 | Sreelakshmi T R | 86 | Nimil Jose |
| 87 | Biji Benny | 88 | Nivya V B |
| 89 | Krishnendhu M G | 90 | Elsa Joy |
| 91 | Sini A C | 92 | Amala Vincent |



റേഡിയോളജി –
2019 മെയ് മാസത്തെ
മികച്ച ഡിപ്പാർട്ട്മെന്റ്



ഓൾ കേരളാ ഇന്റർ
ഹോസ്പിറ്റൽ
ബാഡ്മിന്റൺ ടൂർണ്ണമെന്റിൽ
വിജയിച്ച
ഡോ. ജോമിയും
ഡോ. ഹരികൃഷ്ണനും



ആൾ കേരള റിസർച്ച് പ്രൊകജ്ട് മത്സരത്തിൽ സി. അച്യുതമേനോൻ ഫെലോഷിപ്പിന് അർഹയായി. അംഗീകാരവും Rs.25000 കാഷ് അവാർഡും നേടി.



ഫാർമസി –
2019 ജൂൺ മാസത്തെ
മികച്ച ഡിപ്പാർട്ട്മെന്റ്



2019 മെയ് മാസത്തെ
ബെസ്ററ് എംപ്ലോയീ
ശ്രീ. ജേക്കബ് ഇ. എ.
അസിസ്റ്റന്റ് എൻജിനീയർ,
എൻജിനീയറിംഗ് വിഭാഗം



2019 ജൂൺ മാസത്തെ
ബെസ്ററ് എംപ്ലോയീ

ശ്രീമതി ആതിര സൈമൺ
സ്റ്റാഫ് നേഴ്സ്, ജിഷാം

EM India 2019 സോണോ ചക്രവ്യൂഹ് ദേശീയ പോക്കസ് മത്സരത്തിൽ എമർജൻസി വിഭാഗം പി. ജി. വിദ്യാർത്ഥികളായ ഡോ. എറിൻ എലിസാ സണ്ണിയും, ഡോ. വിജയ് ചഞ്ചലും മൂന്നാം സ്ഥാനം നേടി.



ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് പൂർവ്വവിദ്യാർത്ഥി സംഗമത്തോടനുബന്ധിച്ച് നടത്തിയ ശില്പശാല - A road to excellence in Nursing Service , need for the hour , ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനം ചെയ്തു.



ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് അദ്ധ്യാപകർക്കായി സംഘടിപ്പിച്ച രണ്ടുദിന ശില്പശാല ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് ഉദ്ഘാടനംചെയ്തു.



ജൂബിലി മിഷൻ കോളേജ് ഓഫ് അലൈഡ് ഹെൽത്ത് സയൻസ് 2019 -ൽ പാസ്സായ വിദ്യാർത്ഥികളുടെ കോൺവൊക്കേഷനും, പുതിയ ബാച്ചിന്റെ സ്വാഗതവും സംയുക്തമായി ആഘോഷിച്ചു.



സ്റ്റുഡന്റ്സ് നഴ്സസ് അസോസിയേഷൻ നോർത്ത് ഈസ്റ്റ് സോൺ സംഘടിപ്പിച്ച അത്‌ലറ്റ് മീറ്റിൽ ജൂബിലി മിഷൻ കോളേജിലെ നാലാം വർഷ വിദ്യാർത്ഥികൾ മാർച്ച് പാസ്റ്റിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ആൺകുട്ടികളുടെ വിഭാഗത്തിൽ ജെറാർഡ് ജോണി 800 മീറ്ററിന് മൂന്നാം സ്ഥാനവും പെൺകുട്ടികളുടെ വിഭാഗം ഓട്ടമത്സരത്തിൽ ലിബിത മൂന്നാം സ്ഥാനവും നേടി.



ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും അൽഷിമേഴ്സ് & റിലേറ്റഡ് സൊസൈറ്റി ഓഫ് ഇന്ത്യയും സംയുക്തമായി ഡിമെൻഷ്യ കെയർ സർട്ടിഫിക്കറ്റ് കോഴ്സ് സംഘടിപ്പിക്കുന്നു. ഉദ്ഘാടനം ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് നിർവഹിച്ചു.



## ജൂബിലി മിഷനിലെ സ്വാതന്ത്ര്യ ദിനാഘോഷം





എം. ബി. ബി. എസ്. 17-ാം ബാച്ച് ആരംഭി ച്ചു. ജൂബിലി മിഷൻ ട്രസ്റ്റ് പ്രസിഡന്റ് മോൺ. തോമസ് കാക്ക ശ്ശേരി വിദ്യാർത്ഥി കളെ സ്വാഗതം ചെയ്ത് സംസാരിച്ചു.




## MBBS Research

2016 – 2018 കാലയളവിൽ ഡങ്കിപ്പനി, എലിപ്പനി എന്നി വയുടെ കാലാവസ്ഥ ഭൂപ്രദേശ പരസ്പര ബന്ധത്തെ ക്കുറിച്ച് ഗവേഷണ പഠനം നടത്തി എം. ബി. ബി. എസ്. വിദ്യാർത്ഥികൾ, ജില്ലാ മെഡിക്കൽ ഓഫീസിൽ ഐ. ഡി. എസ്. പി. പ്രോഗ്രാം ഓഫീസർമാരുടെ മുമ്പിൽ അവതരിപ്പിച്ചു. 15-ാം ബാച്ചിലെ വിദ്യാർത്ഥിക ളായ മേരി ആൻ, മരിയ തോമസ്, മേഘ്ന മെർലിൻ, മെർലിൻ മാർട്ടിൻ, ലിസ് അലക്സ്, മീനാക്ഷി എസ്. കുമാർ എന്നിവരാണ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. പൊന്നു ജോസിന്റെ (കമ്മ്യൂണിറ്റി മെഡിസിൻ വിഭാ ഗം) മാർഗ്ഗനിർദ്ദേശത്തിൽ പഠനം നടത്തിയത്.

## Congratulations

ഡോ. അനു തോമസ് & ഡോ. ജെനി ജോർജ്ജ് ഇന്ത്യൻ സൊസൈറ്റി ഓഫ് ബ്ലഡ് ട്രാൻസ് ഫ്യൂഷൻ & ഇമ്മ്യൂ ണോ ഹെമ റ്റോളജി നടത്തിയ സംസ്ഥാന ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടി.



ഡോ. അനു തോമസ്



ഡോ. ജെനി ജോർജ്ജ്

## Congratulations

എമർജൻസി വിഭാഗം അസി. പ്രൊഫസർ ഡോ. സിജു വി. എബ്രഹാം, 2018 വർഷത്തെ Dr. Kelly P O Keefe Academician & Researcher അവാർഡ് നേടി.





കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസ്, ഡി സോൺ ടേബിൾ ടെന്നീസ് മത്സരം ജൂബിലി മിഷൻ ആശുപത്രിയിൽ മെഡിക്കൽ കോളേജ് അസി. ഡയ റക്ടർ ഫാ. ടിജോ ജോയ് മുല്ലക്കര ഉദ്ഘാടനം ചെയ്തു.

## Congratulations

CMAI നടത്തിയ ഡിപ്ലോമ ഇൻ അനസ്തേഷ്യ & ക്രിട്ടിക്കൽ കെയർ ടെക്നോളജി കോഴ്സ് ദേശീയ തല പരീക്ഷയിൽ റാങ്ക് നേടിയവർ



ലിയ ജോയ്, രണ്ടാം റാങ്ക്



അമൃത ഉണ്ണികൃഷ്ണൻ, മൂന്നാം റാങ്ക്



ഡോ. അലക്സ് ബേബി



ഡോ. സാബു ജോർജ്ജ് കെ.

ബംഗലൂരു നിംഹാൻസിൽ നടന്ന ദേശീയ ആനുവൽ പ്രാക്ടിക്കൽ ന്യൂറോളജി അപ്ഡേറ്റ് 2019 ക്വിസ് മത്സര ത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

# ലോകരക്തദാതാദിനം ആചരിച്ചു.



കാൾ ലൻസ്റ്റീനറുടെ ജന്മദിനസ്മരണാർത്ഥമാണ് ലോകമെമ്പാടും ജൂൺ14-ന് ലോകരക്തദാതാദിനം ആചരിക്കുന്നത്. ലോകരക്ത ദാതാദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ട്രാൻസ്ഫ്യൂഷൻ മെഡിസിൻ വിഭാഗം രണ്ട് സന്നദ്ധ രക്തദാനക്യാമ്പുകൾ സംഘടിപ്പിക്കു കയും രക്തദാനത്തിന്റെ പ്രാധാന്യം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി റെഡ് എഫ്.എം. റേഡിയോയിലൂടെ ബോധവത്കരണ ക്ലാസ് നടത്തുകയും ചെയ്തു. രക്തദാനം യുവജനങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനായി " Red Legends" എന്ന ഫേസ്ബുക്ക് പേജ് തുടങ്ങുകയും സെൽഫി കോൺ ടെക്സ്റ്റ് നടത്തുകയും ചെയ്തു. 47 മത്സരാർത്ഥികളിൽ നിന്നും ഏറ്റവും കൂടുതൽ ലൈക്സും, ഷെയറും ലഭിച്ച് വിജയിയായത് നവാജ് അബ്ദുൾ നസീർ ആണ്. ജൂബിലി കുടുംബത്തിൽ ഏറ്റവും കൂടുതൽ തവണ രക്തദാനം ചെയ്ത് മാതൃകയായി വർത്തിച്ച വിശിഷ്ഠ വ്യക്തിത്വങ്ങളായ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഫാ. ടിജോ മുള്ളക്കര, ഫാ. ഷിജോ മാപ്രാണ ത്തുകാരൻ, ഫാ. സെബി കാഞ്ഞിരത്തിങ്കൽ, ഡോ. ഫിജു ചാക്കോ, ഡോ. നവീൻ വിൻസന്റ്, ഡോ. സറീന ഗിൽവാസ്, നിതിൻ പൗലോസ്, ശശികുമാർ എന്നിവരെ 'ജീവധാര "Honoring the legends" എന്ന പരിപാടിയിലൂടെ ആദരിച്ചു.

## അഭിനന്ദനങ്ങൾ



സർജിക്കൽ ഓൺകോളജി വിഭാഗം, ജനറൽ സർജറി സീനിയർ റെസിഡന്റ് ഡോ. അരുൺ കുമാർ എൻ ആർ, തമിഴ് നാട് എം ജി മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നും, MS ജനറൽ സർജറിയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയതിന് തമിഴ് നാട് ഗവർണറിൽ നിന്നും ഓണററി അവാർഡ് ഏറ്റു വാങ്ങി.

കൂടാതെ മികച്ച വിദ്യാർത്ഥിക്കുള്ള പ്രൊഫ. KRK അവാർഡും, തമിഴ്നാട് എം ജി മെഡിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള മികച്ച എം എസ് സർജറി പി ജി വിദ്യാർത്ഥിക്കുള്ള അവാർഡും ഇദ്ദേഹം നേടി .

## അഭിനന്ദനങ്ങൾ



2019 ഡോക്ടേഴ്സ് ഡേ യോടനുബന്ധിച്ച് നടന്ന ദി ഇക്കണോമിക് ടൈംസ് ഡോക്ടേഴ്സ് ഡേ കോൺക്ലേവിൽ, ഡോ മേഴ്സി പോൾ ആൻഡ്രൂസ് 'ഇൻസ്പയറിങ് ഡെർമറ്റോളജിസ്റ്റ് ഓഫ് ഇന്ത്യ' അവാർഡ് നേടി. ജൂബിലി മിഷൻ ഡെർമറ്റോളജി വിഭാഗം പ്രൊഫസർ ആണ്



# ആയുർവ്വേദം കാലാതീതം

മനുഷ്യരാശി നാലുകാലിൽ നിന്നും രണ്ടുകാലിലേയ്ക്ക് നടത്തം മാറ്റിയപ്പോൾ ഉണ്ടായ ഒരു രോഗമാണ് വെരിക്കോസ് എന്ന് പറയുന്നത്. ഈ വെരിക്കോസ് വെയിനിന്റെ മറ്റൊരു വകഭേദമാണ് മൂലക്കുരു എന്നുള്ളത്. ഇത് പ്രധാനമായും രണ്ടുതരത്തിലാണ് ഉള്ളത്. രക്തം പോകുന്നതും, രക്തം പോകാത്തതും. മലബന്ധം, ദഹനക്കുറവ്, അമിതമായ ഗ്യാസിന്റെ ബുദ്ധിമുട്ട് എന്നിവ ഈ രോഗത്തിന്റെ തീവ്രത വർദ്ധിപ്പിക്കും. രക്തം പോകുന്നതും പോകാത്തതുമായ അർശസ്സിൽ വ്യത്യസ്ഥ ചികിത്സ രീതികളാണ് ആയുർവ്വേദം അവലംബിക്കുന്നത്. ചിരുവില്വാദി പോലെയുള്ള മരുന്നുകൾ രക്തം പോകാത്ത അവസ്ഥകളിലും, ഇലവിൻ പശ, ശതാവരി തുടങ്ങിയ മരുന്നുകൾ രക്തം പോകുന്നതിനെ തടയുന്നതാണ്. രക്തം പോകുന്ന അർശസ്സുള്ളവർ കോഴിയിറച്ചി, കോഴിമുട്ട, അച്ചാർ, അധികം മസാലകളും എരിവും ചേർന്ന ഭക്ഷണങ്ങൾ എന്നിവ ഒഴിവാക്കണം. ദഹിക്കാൻ ബുദ്ധിമുട്ടുള്ള ഭക്ഷണപദാർത്ഥങ്ങൾ എല്ലായ്പ്പോഴും ഒഴിവാക്കണം. മഹാതിക്തം ഘൃതം അർശസ്സിൽ പുരട്ടുന്നത് രക്തം പോകുന്നത് തടയാൻ നല്ലതാണ്. പലരിലും ഉണ്ടാകുന്ന തലവേദനയുടെ കാരണമായി ആയുർവ്വേദം പറയുന്നത് അർശസ്സ് ആണെന്നാണ്. പല രോഗങ്ങളുടേയും ആരംഭം അർശസ്സിൽ നിന്നാണെന്ന് പറയപ്പെടാറുണ്ട്. അതിനാൽ വളരെ പെട്ടെന്ന് തന്നെ ചികിത്സിക്കേണ്ടത് അത്യാവശ്യമാണ്.

ഡോ. അനുമോദ് കാക്കശ്ശേരി, എം. ഡി. ആയുർവ്വേദം
സീനിയർ കൺസൾട്ടന്റ്, ജൂബിലി ആയുർവ്വേദ



Fr. Sijo Cheruvathoor | Dr. Benny Joseph | Dr. Aswath | Mr. Baby | Mr. Noble | Ms. Suma Paul  Editorial Board
Ms. Deepa Tom | Ms. Raki K. V. | Ms. Nicy Antony | Ms. Chippy | Ms. Dinu | Ms. Vineetha | Ms. Ambili Ulahannan